## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **01-09-2022 - ൽ മറുപടിയ്ക്ക്**

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിലനിലവാരം പിടിച്ചുനിർത്തുന്നതിനും നിത്യോപയോഗ സാധനങ്ങൾ സുലഭമാക്കുന്നതിനും പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധതരം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്.<br><br>വിപണി ഇടപെടലിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. 2016 നു ശേഷം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള വില്പനശാലകളിലൂടെയും മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും മൊബൈൽ മാവേലി സ്റ്റോറുകളിലൂടെയും അവശ്യ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു.<br><br>ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കൽ, അവശ്യസാധനങ്ങളുടെ ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറി, വിപണന ശൃംഖല വിപുലീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ സപ്ലൈകോ വഴി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിലെ മാവേലി സ്റ്റോറുകൾ വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് സപ്ലൈകോ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത് വഴി അരി വില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.<br><br>PMGKAY പദ്ധതി പ്രകാരം നല്കിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. FCI ഗോഡൗൺ, സി.എം.ആർ. മിൽ എന്നിവിടങ്ങളിൽ നിന്നും NFSA ഗോഡൗണുകളിലേയ്ക്കും ടി ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേയ്ക്കും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിന് GPS അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് & ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ചു വരുന്നു.<br><br>പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നല്കുന്നതിന്റെയും റേഷൻ കടകളെ വൈവിദ്ധ്യവല്ക്കരിക്കുന്നതിന്റെയും ഭാഗമായി കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നല്കി വരുന്ന സേവനങ്ങൾക്കു പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാനമാർഗ്ഗമാണ് കെ- സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | എല്ലാ പ്രധാന പ്രദേശങ്ങളിലും കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അപേക്ഷകൾ ലഭ്യമാകുന്ന പ്രദേശങ്ങളിൽ അന്വേഷണവിധേയമായി കടകൾ അനുവദിച്ചു വരുന്നു. നിലവിൽ 599 റേഷൻകടകൾക്ക് ഒന്നാം ഘട്ട വിജ്ഞാപനം നടത്തുകയും ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. രണ്ടാം ഘട്ട വിജ്ഞാപനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ